ഉൾപ്പെടുത്തി 600 ലക്ഷം രൂപ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി 2014-15 അദ്ധ്യയന വർഷത്തിലേക്ക് ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കി ആഴ്ചയിൽ ബുധനാഴ്ചയും ശനിയാഴ്ചയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഏഴ് കമ്മ്യൂണിറ്റി പ്രോജക്ടുകൾ (എന്റെ മരം, ശുഭയാത്ര, ശുചിത്വമുറ്റം, വീട്ടിലൊരു ചങ്ങാതിക്കൂട്ടം, ലഹരിമുക്ത കേരളം, നിയമ പരിജ്ഞാനം, സമ്പൂർണ്ണ ആരോഗ്യം) കേഡറ്റുകളുടെ സർവ്വോന്മുഖമായ വികാസത്തെ മുൻനിർത്തി നടപ്പിലാക്കിവരുന്നു. ഓണം ക്യാംപ്, ക്രിസ്തുമസ് ക്യാംപ്, പ്രകൃതിപഠന ക്യാംപ്, ജില്ലാതല സമ്മർ ക്യാംപ്, സംസ്ഥാനതല സമ്മർ ക്യാംപ് തുടങ്ങിയവ സംഘടിപ്പിക്കുകയും എസ്.പി.സി.ഡേ, എസ്.പി.സി.ക്രിസ്സ്, പൊതുവിശേഷ ദിവസങ്ങൾ, റിപ്പബ്ലിക് ഡേ പരേഡ്, സ്വാതന്ത്ര്യദിന പരേഡ് എന്നിവയും ആഘോഷിച്ചുവരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് ആക്ടിവിറ്റി കലണ്ടറിൽ ഇൻഡോർ മാനുവർ, ഔട്ട് ഡോർ മാനുവൽ പ്രകാരമുള്ള വിവിധ തരത്തിലുള്ള കായികക്ഷമതാ പരിശീലനങ്ങളും സ്വഭാവ രൂപീകരണം, നേതൃഗുണം, അച്ചടക്കം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ നടത്തുകയും പരേഡ്, പി.റ്റി.യോഗ, കളരി, കരാട്ടെ എന്നിവയുടെ പരിശീലനവും ക്രോസ് കൺട്രി, റോഡ് വാക്ക് ആന്റ് റൺ എന്നിവ നടത്തുകയും ചെയ്തുവരുന്നു.

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാകുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ഡി) ഉണ്ട്. ചാല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സ്ഥലം അനുവദിക്കുകയും 12-2-2014-ന് ഡയറക്ടറേറ്റിന്റെ ഉദ്ഘാടനകർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുമുണ്ടായി.

കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ

211 (216) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പന്തീരങ്കാവ് ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പന്തീരങ്കാവിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ഒരു പഠനം നടത്തിവരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മാവോയിസ്റ്റ് പ്രവർത്തനങ്ങൾ

212 (218) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ അടിച്ചമർത്തുന്നതിനും, നിരീക്ഷിക്കുന്നതിനും സംസ്ഥാന പോലീസിൽ പ്രത്യേക വിഭാഗത്തെ നിയോഗിച്ചിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത വിഭാഗത്തിന് എത്ര പേരാണ് വകുപ്പ് തലത്തിൽ നൽകിയിട്ടുള്ളതെന്നും ഇതിൽ എത്ര പോലീസ് സേനാംഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) മാവോയിസ്റ്റ് പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള പോലീസ് സേനാ വിഭാഗത്തിന് നൽകിയിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്നും ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം ഭൗതിക സൗകര്യങ്ങളാണ് നൽകിയിട്ടുള്ളതെന്നും ഇതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്നും വെളിപ്പെടുത്തുമോ;

(സി) മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അടിച്ചമർത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുള്ളതായി വെളിപ്പെടുത്തുമോ; ഇതിന് നിയോഗിക്കപ്പെട്ടിട്ടുള്ള സേനാംഗങ്ങൾക്ക് തങ്ങളുടെ തസ്തികക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾക്കുപരിയായി എന്തെല്ലാം ആനുകൂല്യങ്ങൾ സർക്കാർ നൽകുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഇതുവരെ എത്ര മാവോയിസ്റ്റ് ആക്രമണങ്ങൾ നടന്നിട്ടുണ്ടെന്നും ഇതിൽ എത്രപേർ പിടിക്കപ്പെട്ടിട്ടുണ്ടെന്നും പിടിക്കപ്പെട്ടവരിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതെങ്കിലും പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly